"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - കൊല്ലം ജില്ലയിലെ കോട്ടാത്തല യു.പി.എസ് മാനേജർ സമർപ്പിച്ച അപേക്ഷ തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.4204/2025/GEDN തീയതി,തിരുവനന്തപുരം, 25-06-2025

---

പരാമർശം:-

1. കൊല്ലം ജില്ലയിലെ കോട്ടാത്തല യു.പി.എസ് മാനേജർ സമർപ്പിച്ച 28.11.2024-ലെ അപേക്ഷ.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 08.03.2025-ലെ എഫ്(4)/27310/2024/ഡി.ജി.ഇ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ കോട്ടാത്തല യു.പി.എസ് ൽ 2006-07 വർഷം ഉണ്ടായ ഒരു അധിക ജൂനിയർ ഉറുദു പാർട്ട് ടൈം തസ്തികയിലെ ശ്രീമതി. ബീന. എൻ-ന്റെ 19.07.2006 മുതലുള്ള നിയമനം, അധിക തസ്തികകളും റഗുലർ തസ്തികകളാണെന്ന് വ്യക്തമാക്കിയിട്ടുള്ളതിനാലും, 14.10.2015 ലെ 44977/ജെ2/2013/പൊ.വി.വ നമ്പർ കത്തിന്റെ വെളിച്ചത്തിലും തുടർച്ചയായി ശമ്പള സ്കെയിലിൽ അംഗീകരിച്ച് ഉത്തരവുണ്ടാകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് കോട്ടാത്തല യു.പി.എസ് മാനേജർ പരാമർശം (1) അപേക്ഷ സർക്കാരിലേയ്ക്ക് ലഭ്യമാക്കിയിരുന്നു.

2) സർക്കാർ പ്രസ്തുത വിഷയം ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ, ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. കോട്ടാത്തല യു.പി എസിൽ 2006-07 വർഷം ഉണ്ടായ ഒരു അധിക പാർട്ട് ടൈം ഉറുദു തസ്തികയിൽ 19.7.2006 മുതൽ ശ്രീമതി.ബീന എൻ നിയമിക്കപ്പെട്ടു. സ.ഉ 10/10 പ്രകാരമുള്ള ബോണ്ട് മാനേജർ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 19.7.2006 മുതൽ 31.3.2007 വരെ ദിവസവേതനാടിസ്ഥാനത്തിലും, 2.6.2007 മുതൽ ശമ്പളസ്കെയിലിലും ടി നിയമനം അംഗീകരിച്ചുനൽകി. 19.7.2006 മുതൽ 31.3.2007 വരെ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിച്ച നിയമനം ശമ്പളസ്കെയിലിൽ ലഭിക്കണമെന്നതാണ് ടിയാളിന്റെ ആവശ്യം. 2006-07 വർഷം ഉണ്ടായ ഒരു അധിക പാർട്ട് ടൈം ഉറുദു തസ്തികയിലാണ് 19.7.2006 മുതൽ ശ്രീമതി.ബീന എൻ-നെ നിയമിച്ചിരിക്കുന്നത്. ടി നിയമനം റഗുലറായി നിയയമിച്ചിരിക്കുന്നതിനാൽ 14.10.2015 ലെ ജെ2/44977/2013/പൊ.വി.വ നം കത്ത് പ്രകാരം ടി നിയമനം ശമ്പളസ്കെയിലിൽ പരിഗണനാർഹമാണെന്ന് കാണുന്നു.

3) മേൽ സാഹചര്യത്തിൽ ശ്രീമതി ബീന. എൻ-ന്റെ 19.7.2006 മുതലുള്ള ജൂനിയർ പാർട്ട് ടൈം ഉറുദു അധ്യാപികയായിട്ടുള്ള നിയമനം 14.10.2015 തീയതിയിലെ

ജെ2/44977/2013/പൊ.വി.വ നം. കത്തിന്റെ അടിസ്ഥാനത്തിൽ പുനഃപരിശോധിച്ച് തീരുമാനമെടുക്കുന്നതിന് കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ടും, അപ്രകാരം പരാമർശം (1) അപേക്ഷ തീർപ്പാക്കിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASWATHY K

അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊട്ടാരക്കര.

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊട്ടാരക്കര.

മാനേജർ, കോട്ടാത്തല യു.പി.എസ്, കൊല്ലം.

ശ്രീമതി. ബീന.എൻ, പാർട്ട് ടൈം ജൂനിയർ ഉറുദു അദ്ധ്യാപിക, കോട്ടാത്തല യു.പി.എസ്, കൊല്ലം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Pradeep Kumar. C. O**
**Date: 26-06-2025 10:42:16**

സെക്ഷൻ ഓഫീസർ